**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.818 — 09.08.2017 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണം തടയുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.സി.കെ.നാണു | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനാതിർത്തിയിലുള്ള കുടിയേറ്റ മേഖലകളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള നടപടികൾ ഫലപ്രദമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനാതിർത്തിയിലുള്ള കുടിയേറ്റ മേഖലയിൽ വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള നടപടികൾ പല പ്രദേശങ്ങളിലും ഫലപ്രദമാണ്. |
| (ബി) വൻതോതിൽ കൃഷിനാശവും ആളപായവും വരുത്തുന്ന ആന, പുലി, പന്നി, മയിൽ തുടങ്ങിയ വന്യജീവികളെ പ്രത്യേക സംരക്ഷണ മേഖലകളിൽ പാർപ്പിക്കാനോ അല്ലെങ്കിൽ ഇവയുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള മറ്റു വിദേശ രാജ്യങ്ങളിൽ അവർ സ്വീകരിച്ചിട്ടുള്ള നടപടികൾ പഠിച്ച് അത് ഇവിടെ നടപ്പാക്കാനോ നടപടി സ്വീകരിക്കുമോ; | (ബി) വൻതോതിൽ കൃഷിനാശവും ആളപായവും വരുത്തുന്ന ആന, പുലി, പന്നി, മയിൽ തുടങ്ങിയ വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുക എന്ന നയമാണ് വനം വകുപ്പ് അനുവർത്തിക്കുന്നത്. നാട്ടിലിറങ്ങി സ്ഥിരമായി പ്രശ്നം സൃഷ്ടിക്കുന്ന ആന പോലുള്ള വന്യജീവികളെ വനമേഖലയിലേയ്ക്ക് റീലൊക്കേറ്റ് ചെയ്യുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (സി) ഈ വിഷയത്തിൽ മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൂർണ്ണമായും ജനപങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികൾ വഴി നിലവിൽ അവലംബിച്ചു വരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ശക്തമായി തുടരാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.